**അനുബന്ധം**

ചോദ്യം നമ്പർ (*361)-ന്റെ 'സി' പിരിവിന്റെ വിശദമായ മറുപടി

**മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കാൻ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി, ബഹു. മത്സ്യബന്ധന വകുപ്പുമന്ത്രി, ബഹു. ഗതാഗത വകുപ്പുമന്ത്രി, ബഹു. വർക്കല നിയോജകമണ്ഡലം എം.എൽ.എ. എന്നിവരുടെ സാന്നിധ്യത്തിൽ 31-07-2023-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും**

| ക്രമ നം. | യോഗ തീരുമാനം | നടപടി |
|---|---|---|
| (1) | ലോംഗ് ബൂം ക്രെയിൻ 01-08-23-ന് മുതലപ്പൊഴിയിലെത്തിച്ച് ഹാർബറിലെ ചാനലിൽ ചിതറികിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിക്കേണ്ടതാണ്. | ലോംഗ് ബൂം ക്രെയിൻ ഉപയോഗിച്ച് ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. അടിത്തട്ടിൽ കിടക്കുന്ന കല്ലുകൾ ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനോടൊപ്പം നീക്കം ചെയ്യേണ്ടതുണ്ട്. |
| (2) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും കൂടിയാലോചിച്ച് ഡ്രഡ്ജർ | മുതലപ്പൊഴി ചാനലിൽ ഡ്രഡ്ജ് ചെയ്യുന്നതിന് ഡ്രഡ്ജർ സൈറ്റിൽ എത്തിക്കാൻ മെസ്സേഴ്സ് അദാനി |

| | | |
|---|---|---|
| | കൊണ്ടുവരുന്നതിന് പറ്റിയ അനുകൂലമായ കാലാവസ്ഥ മനസ്സിലാക്കി വിഴിഞ്ഞത്തുള്ള ഡ്രഡ്ജർ മുതലപ്പൊഴി ഹാർബറിൽ എത്തിച്ച് ഡ്രഡ്ജിംഗ് ആരംഭിക്കണം. | പോർട്ട്സിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (3) | മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ എക്സ്കവേറ്ററുകൾ 01-08-23-നുതന്നെ മുതലപ്പൊഴിയിലെത്തിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി ആരംഭിക്കേണ്ടതാണ്. | മണ്ണ് നീക്കം ചെയ്യുന്നതിനുള്ള എക്സ്കവേറ്ററുകൾ പ്രവൃത്തി സ്ഥലത്ത് എത്തിച്ച് പ്രവൃത്തി നടന്നുവരുന്നു. |
| (4) | മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എല്ലാവിധ സഹായ സഹകരണങ്ങളും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന് നൽകേണ്ടതാണ്. | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നൽകിവരുന്നു. |
| (5) | ഹാർബർ ചാനലിൽ അടിയന്തരമായി ബോയ സ്ഥാപിക്കേണ്ടതാണ് | ഹാർബർ ചാനലിൽ സ്ഥാപിക്കുന്നതിനുള്ള ബോയ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനോടൊപ്പം ബോയ സ്ഥാപിക്കുന്നതാണ്. |

| | | |
|---|---|---|
| (6) | ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് പുലിമുട്ടിന്റെ വടക്ക് ഭാഗത്തേയ്ക്ക് യന്ത്ര സാമഗ്രികളുടെ സഹായത്തോടെ നിക്ഷേപിക്കുന്നതിനുള്ള സ്ഥിരമായ സാൻഡ് ബൈപ്പാസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 31-07-2023-ന് തന്നെ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. പ്രവൃത്തി നടത്തുന്നതിനുള്ള കണക്കിനത്തിലെ ധനലഭ്യത ഉറപ്പാക്കി 3 ദിവസത്തിനകം ഭരണാനുമതി നൽകേണ്ടതാണ്. ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ദർഘാസ് നടപടി പാലിച്ച് 2 മാസത്തിനകം നിർമ്മാണം ആരംഭിക്കേണ്ടതാണ്. | സ്ഥിരമായ സാൻഡ് ബൈപ്പാസിംഗ് നടപ്പിലാക്കുന്നതിന് 11 കോടി രൂപയുടെ പദ്ധതി രൂപരേഖ സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ 09-08-2023-ന് സ്ഥലം നേരിൽ സന്ദർശിച്ചു. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ മതിയാകുമെന്നാണ് ചീഫ് ടെക്നിക്കൽ എക്സാമിനർ അഭിപ്രായപ്പെട്ടത്. കൂടാതെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന്റെ അന്തിമ റിപ്പോർട്ടിൽ സ്ഥിരം സാൻഡ് ബൈപ്പാസിംഗ് |

| | | |
|---|---|---|
| | | സംവിധാനം ആവശ്യമില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (7) | അടിയന്തര നടപടിയെന്ന നിലയിൽ ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് മണ്ണടിഞ്ഞ് കൂടുന്ന മുറയ്ക്ക് മണ്ണ് ലോറിയിൽ നിറച്ച് വടക്കേ പുലിമുട്ടിന്റെ വടക്ക് ഭാഗത്ത് നിക്ഷേപിക്കുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് അടിയന്തരമായി ഭരണാനുമതി നൽകണം. | ടി പ്രവൃത്തിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ദർഘാസ് ചെയ്ത് കരാറിലേർപ്പെട്ടുവെങ്കിലും മണ്ണ് വടക്ക് ഭാഗത്ത് നിക്ഷേപിക്കുന്നത് പ്രദേശവാസികൾ തടസ്സപ്പെടുത്തിയതിനാൽ കരാർ റദ്ദ് ചെയ്തു. പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അഭിപ്രായം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (8) | ഹാർബറിൽ അടിയന്തരമായി 6 ഹൈമാസ്റ്റ് ലൈറ്റുകൾ | 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി 2 ഹൈമാസ്റ്റ് സോളാർ ലൈറ്റുകൾ തെക്കേ പുലിമുട്ടിലും വടക്കേ പുലിമുട്ടിലുമായി ഹാർബർ |

| | | |
|---|---|---|
| | സ്ഥാപിക്കേണ്ടതാണ്. | എഞ്ചിനീയറിംഗ് വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന് 2 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുകൂടി 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. എം.പി. ഫണ്ടുപയോഗിച്ച് ബ്രേക്ക് വാട്ടറിൽ രണ്ട് ലൈറ്റുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്. |
| (9) | ഹാർബറിലെ രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മൂന്ന് ഷിഫ്റ്റുകളിലായി 10 പേരടങ്ങുന്ന പരിശീലനം നേടിയ 30 ലൈഫ് ഗാർഡുകാരെ നിയോഗിക്കണം. രക്ഷാപ്രവർത്തനത്തിനായി ആകെ മൂന്ന് ബോട്ടുകളും ഹാർബറിൽ ലഭ്യമാക്കണം. | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നേടിയ 30 ലൈഫ് ഗാർഡുമാരെ ഫിഷറീസ് വകുപ്പ് നിയോഗിച്ചിട്ടുണ്ട്. മൂന്ന് യാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പത്ത് പേരടങ്ങുന്ന സംഘം മൂന്ന് ഷിഫ്റ്റുകളിലായി പ്രവർത്തിച്ചുവരുന്നു. |
| (10) | ഹാർബർ പരിസരത്ത് സ്ഥിരമായ ഒരു ആംബുലൻസ് സൗകര്യം | ഫിഷറീസ് വകുപ്പ് മുഖേന ആംബുലൻസ് സൗകര്യം |

| | | |
|---|---|---|
| | ലഭ്യമാക്കണം. | ഏർപ്പെടുത്തിയിട്ടുണ്ട്. |
| (11) | മഴക്കാലത്തിനുശേഷമുള്ള ഡാറ്റകൾകൂടി ശേഖരിച്ച് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന് നൽകി പഠന റിപ്പോർട്ട് ഡിസംബർ 31-നകം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. | സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) നേരിട്ട് ഡാറ്റാകളക്ഷൻ നടത്തി തുടർപഠനം നടത്തി. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന്റെ ഫൈനൽ റിപ്പോർട്ടുപ്രകാരം തെക്കേ പുലിമുട്ട് 425 മീറ്റർ വർദ്ധിപ്പിച്ച് അഴിമുഖം വടക്കുഭാഗത്ത് മാറ്റുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 164 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച് ദർഘാസ് ക്ഷണിച്ച് ഒന്നര വർഷംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |